**ഓം ശ്രീ സായിരാം**

# സായി വിവേകമുത്തുകൾ(Sai Pearls of Wisdom satsang) ഭാഗം 12B

**പ്രഫസർ അനിൽകുമാർ – വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ**

**ജനുവരി 2002**

## അവരെല്ലാവരും അച്ചടക്കമുള്ളവരാണ്

മറ്റുള്ളിടത്ത്, കായികതാരങ്ങളും അത്‌ലറ്റുകളും അവരവരുടെ മണ്ഡലങ്ങളിൽ സാധാരണയായി വളരെ മികച്ചവരാവും, പക്ഷേ അവർ അവരുടെ വ്യക്തിജീവിതത്തിൽ അത്ര



അച്ചടക്കമുള്ളവരാവില്ല. എന്നാൽ ഇവിടെ, എല്ലാവരും അച്ചടക്കമുള്ളവരാണ്!

എന്റെ ഇവിടുത്തെ മുൻ സേവനകാലത്ത്, നടക്കുന്നത് എനിക്ക് വിശ്വസിക്കാനായിരുന്നില്ല. മറ്റുള്ളിടത്ത്, വിദ്യാർത്ഥികൾ സ്പോർട്സിൽ മികച്ചവരാവും, പക്ഷേ പഠനത്തിൽ അവർ പിന്നിലാവും. നാടകാദികളിൽ വളരെ മിടുക്കരായ വിദ്യാർത്ഥികൾ, മറ്റ് ക്ലാസുകളിൽ കയറാറില്ല. സംഗീതത്തിൽ തത്പരരായ വിദ്യാർത്ഥികൾ, അവരുടെ ഇതര പഠനത്തിൽ താത്പര്യം



കാണിക്കാറില്ല. പക്ഷേ ഇവിടെ, അവർ എല്ലാത്തിലും മുഴുകുന്നവരും ഓരോ മേഖലയിലും പ്രാഗത്ഭ്യം കാട്ടുന്നവരുമാണ്. ഇത് ഭഗവാന്റെ സ്വാധീനമല്ലാതെ മറ്റൊന്നുമല്ല-വിദ്യാർത്ഥികളുടെമേൽ ഭഗവാന്റെ പ്രഭാവം.

വെളിയിൽ, പ്രതിഭകളായ ഏതാനും ഫുട്ബോൾകളിക്കാർ കോളജ് വിട്ടുപോകുമ്പോൾ, ആ കോളജ്, ഫുട്ബോൾമത്സരങ്ങളിൽ പുറകോട്ടു പോകുന്നത് നിങ്ങൾ ശ്രദ്ധിച്ചിരിക്കാം. ശരിയല്ലേ? പക്ഷേ ഇവിടെ, ഗ്രൂപ്പുകൾ വരും, പോകും, എന്നാൽ നിലവാരം ഉയർന്നുയർന്നുപോവും, എന്തുകൊണ്ടെന്നാൽ, നിലവാരത്തെ സംബന്ധിച്ചിടത്തോളം സ്വാമി ഒരു നീക്കുപോക്കിനും തയ്യാറല്ല.



വേദിയിലുള്ള ചില കാഴ്ചക്കാരും പ്രമുഖരും എന്നോട് പറയാറുണ്ട്, "നോക്കൂ അനിൽകുമാർ, ഞങ്ങളുടെ വിദ്യാർത്ഥികൾ, എങ്ങനെപോയാലും കുറഞ്ഞത് ആറു മാസം എടുക്കും ഇതിന്. ഇവിടുത്തെ കുട്ടികൾക്ക് 15 ദിവസങ്ങൾക്കകം ഇത്തരമൊരു പ്രകടനം എങ്ങനെ സാദ്ധ്യമാവുന്നു എന്നത് അതിശയം തന്നെ."

ഇനി, ഇതാണ് ചോദ്യം: ഈ വിജയകരമായ, ആശ്ചര്യകരമായ പ്രകടനത്തിന് കാരണം എന്താവും? ഈ അത്ഭുതകരമായ പ്രകടനത്തിന്റെ പിന്നിൽ എന്താവും കാരണം? അന്വേഷിച്ചാൽ നിങ്ങൾക്ക് തീർച്ചയായും ഏതാനും കാരണങ്ങൾ കണ്ടെത്താനാവും. ഒന്ന് അച്ചടക്കമാണ്-വലിയ നിലവാരത്തിലുള്ള അച്ചടക്കം. രണ്ടാമത്തേത് നിറവേറാനും നേടാനുമുള്ള അവരുടെ ഉറച്ച തീരുമാനവും അവരുടെ സ്വാമിയോടുള്ള അചഞ്ചല ഭക്തിയും അവരുടെ സമർപ്പണഭാവവുമാണ്.

## സ്വാമിയെ സന്തോഷിപ്പിക്കുകയാണ് പ്രചോദനം

എല്ലാറ്റിലുമുപരിയായി, ഇതിനു പിന്നിലുള്ള ചേതോവികാരം സ്വാമിയെ സന്തോഷിപ്പിക്കുക എന്നുള്ളതാണ്. അവരെന്തു ചെയ്താലും, ജിംനാസ്റ്റിക്സോ അത്‌ലറ്റിക്സോ ആവട്ടെ, മോട്ടോർബൈക്കോ കരാട്ടെയോ ആവട്ടെ, സ്വാമിയെ സന്തോഷിപ്പിക്കുക എന്നുള്ളതു മാത്രമാണ് അവരുടെ ഏക ലക്ഷ്യം. സ്വാമി സന്തോഷവാനായി ഇരിക്കുമ്പോൾ മുഴുവൻ ലോകവും ആനന്ദത്തിലാവും. സ്വാമിക്ക് സന്തോഷമില്ലെങ്കിൽ, മറ്റുള്ളവരെ സന്തോഷിപ്പിച്ചിട്ട് ഒരു കാര്യവുമില്ല.



"നിങ്ങൾക്കെന്തു പ്രതിഫലം കിട്ടും?" എന്ന് നിങ്ങൾ വിദ്യാർത്ഥികളോട് തിരക്കുകയാണെങ്കിൽ അവർ പറയും, "സർ, ഞങ്ങളിത് ചെയ്യുന്നത് അംഗീകാരത്തിനായോ മെഡലുകൾക്കായോ ട്രോഫി കരസ്ഥമാക്കാനായോ ക്യാഷ് അവാർഡ് വാങ്ങുന്നതിനായോ ന്യൂസ് പേപ്പർ വാർത്തയ്ക്കായോ അല്ല! ഭഗവാനിൽനിന്ന് കേവലം ഞങ്ങളുടെ പുറത്ത് ഒരു തട്ടൽ, അല്ലെങ്കിൽ ഭഗവാനുമൊത്ത് ഒരു ഫോട്ടോ, അത്രയുമേ ഞങ്ങൾക്ക് ആഗ്രഹമുള്ളൂ. ഒരു പുഞ്ചിരി ലഭിച്ചാൽ

ഞങ്ങൾ സന്തോഷവാന്മാരാണ്. സ്വാമി, 'എനിക്ക് സന്തോഷമായി' എന്ന് പറയണം എന്നേ ഞങ്ങൾക്കുള്ളൂ, അത്രമാത്രം.''

ചെറുപ്പക്കാർക്ക് പ്രത്യേകിച്ചും, ഇത്തരം ഭാവം ഉണ്ടാകുന്നത് ശരിക്കും മഹത്തരമായ ഒരു കാര്യമാണ്.

## കുട്ടി ഉടനടി എണീറ്റു



കഴിഞ്ഞ ജാനുവരി 2003-ലെ സ്പോർട്സ് മീറ്റിനിടയ്ക്ക്, ഒരു പയ്യൻ കുതിരപ്പുറത്തുനിന്ന് താഴെ വീണത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവും. സാധാരണ ഗതിയിൽ, കുതിര ഓടിപ്പോവും, കുട്ടി ശ്രമം ഉപേക്ഷിച്ച് കൂടുതൽ പ്രകടനങ്ങളൊന്നും നടത്താതെ മാറിനിൽക്കുകയാണ് പതിവ്. എന്നാൽ ഈ പയ്യൻ ഉടനടി എണീറ്റു. അവൻ കുതിരയുടെ കൂടെ ഓടി അതിന്റെ മുകളിൽ കുതിച്ചുകയറി. പ്ലാൻ ചെയ്തിരുന്നതുപോലെ അവൻ എല്ലാ അഭ്യാസവും പൂർത്തിയാക്കി, എല്ലാ പ്രതിബന്ധങ്ങളും തരണം ചെയ്തു.

സ്വാമി ഉടനെ എന്റെ നേരെ നോക്കി.

ഞാൻ പറഞ്ഞു, ''സ്വാമീ!''

''ആ, എന്താണ്, എന്താണ്?'' (ചിരി)

''സ്വാമീ, ആ പയ്യൻ വീണു!''

''ഓ, അതേയോ'', അവിടുന്നു പറഞ്ഞു, ''ഓഹോ?''

''സ്വാമീ, അവൻ ഓടി കുതിരപ്പുറത്തു കയറി, അവരുടെ പ്ലാനനുസരിച്ച് എല്ലാ അഭ്യാസവും കാട്ടി.''

''ഉം, നന്നായി, നന്നായി, നന്നായി! നോക്ക്-എന്താണ് നടന്നതെന്ന് കണ്ടോ? സാധാരണയായി ഇങ്ങനെയാവില്ല,'' ഭഗവാൻ അരുളി.

## ഒന്നും സംഭവിക്കാനാവില്ല, കാരണം സ്വാമി അവിടെയുണ്ട്

ഇതുപോലെ, മോട്ടോർസൈക്കിളിൽ വന്ന ഒരു ആൺകുട്ടി ഒരു ഭിത്തിയിലിടിച്ച് വീണതും നിങ്ങൾ കണ്ടുകാണും. കുട്ടി ഒരു വശത്തും മോട്ടോർസൈക്കിൾ മറുവശത്തുമാണ് വീണത്. ആ കുട്ടിക്ക് ഒന്നും പറ്റിയില്ല. അവൻ ഉടനടി എണീറ്റിട്ട്, മോട്ടോർസൈക്കിളിൽ കയറി വീണ്ടും ഓടിക്കാനാരംഭിച്ചു.

സ്വാമി പറഞ്ഞു, "നോക്ക്, അവന് ഒന്നും പറ്റിയില്ല. എന്തുകൊണ്ടാണെന്ന് നിനക്കറിയാമോ? സ്വാമി ഇവിടെയുള്ളതിനാൽ ഒന്നും സംഭവിക്കില്ലെന്ന് അവർക്ക് ഉത്തമവിശ്വാസമുണ്ട്." അത് ശരിക്കും നല്ലതാണ്.

ഇനി, കാണികളെയും സദസ്യരെയും സംബന്ധിച്ച്-അവരെന്തിനാണ് വന്നത്? അവർ വിനോദത്തിനായി വന്നതല്ല. അല്ല. അവർ അവധി ആഘോഷിക്കാനായി എത്തിയതല്ല. ഭഗവാനെ ദർശിക്കുന്നതിനായും കുട്ടികൾ മൈതാനത്ത് കാട്ടുന്ന നിരവധി അത്ഭുതകരമായ ഇനങ്ങൾ വീക്ഷിക്കുന്നതിനുമാണ് അവർ വന്നിരിക്കുന്നത്.



സ്പോർട്സ് ദിനത്തിൽ കാണുന്ന അച്ചടക്കത്തിന്റെയും ശാന്തിയുടെയും അന്തരീക്ഷം ലോകത്ത് മറ്റൊരിടത്തും കാണില്ല. മറ്റുള്ളിടത്ത് കരഘോഷങ്ങളും ആർപ്പുവിളിയും അട്ടഹാസവും മുദ്രാവാക്യംവിളിയും എല്ലാത്തരം ബഹളങ്ങളുമാവും നിങ്ങൾക്ക് കാണാനാവുക. പക്ഷേ ഇവിടെ, സ്പോർട്സും ഗെയിംസും ആദ്ധ്യാത്മികവത്കരിക്കപ്പെട്ടിരിക്കുന്നു-മുഴുവൻ അന്തരീക്ഷവും സമാധാനപരവും ശാന്തവുമാണ്. അതൊരു 'മത'മായി മാറ്റപ്പെട്ടിരിക്കുന്നു. ഇത് അതിശയകരമായ ഒന്നാണ്!

## അനാരോഗ്യകരമായ മത്സരമില്ല

മറ്റൊരു രസകരമായ വസ്തുത ഇതാണ്- ബൃന്ദാവനിൽനിന്നുള്ള ബാംഗ്ലൂർ കുട്ടികൾ മൈതാനത്ത് പ്രകടനം നടത്തുമ്പോൾ പ്രശാന്തിനിലയത്തിലെ കുട്ടികൾ അവരുടെ പ്രകടനത്തെ ഒരേപോലെ പ്രോത്സാഹിപ്പിക്കും. എന്തെങ്കിലും മികച്ച പ്രകടനം കണ്ടാലുടനെ അവർ ഉറക്കെ ആഹ്ലാദപ്രകടനം നടത്തും, കരഘോഷം ചെയ്യും. ഇതുപോലെ,

പ്രശാന്തിനിലയത്തിലെ കുട്ടികൾ പ്രകടനം നടത്തിക്കൊണ്ടിരിക്കുമ്പോൾ ബൃന്ദാവൻ കുട്ടികളും ഇതുപോലെതന്നെ അവരുടെ അഭ്യാസം ആസ്വദിക്കും.



ഇതിനർത്ഥം, അനാരോഗ്യകരമായ സ്പർദ്ധ ഇല്ല, മൂഢമായ മാത്സര്യം ഇല്ല എന്നാണ്. ഇതൊരു പങ്കുവയ്ക്കലാണ്; ഇത് കരുതലാണ്; ഭഗവാനു മുമ്പാകെ അവരുടെ പ്രതിഭ പ്രകടിപ്പിക്കുന്നതിനുള്ള ഒരു അവസരമാണ്. മത്സരാർത്ഥികൾക്കിടയിലെ, വിവിധ കാമ്പസ്സുകളിലെ വിദ്യാർത്ഥികൾ തമ്മിലുള്ള, ഈ സാഹോദര്യം, എല്ലാവർക്കും അനുകരണയോഗ്യമായ, ആരോഗ്യകരമായ ഒരു സൂചനയാണ്. ഇത് ശരിക്കും മഹത്തരമാണ്.

ഇത്, ആരുംതന്നെ ജയിക്കാത്ത, ആരും തോൽക്കാത്ത വിനോദവും ഉല്ലാസവുമാണ് എന്നും നിങ്ങൾക്ക് കാണാം. ഭഗവാൻ ഒരേ വലിപ്പത്തിലുള്ള സ്പോർട്സ്മാൻഷിപ്പ് കപ്പുകളാണ് എല്ലാവർക്കും സമ്മാനിക്കുന്നത് എന്നതും നിങ്ങളൊരുപക്ഷേ ശ്രദ്ധിച്ചിട്ടുണ്ടാവാം. (*ചിരി*) ആരാണ് ഒന്നാമൻ? എല്ലാവരും ഒന്നാമരാണ്. ആരായിരുന്നു രണ്ടാമൻ? ആരുംതന്നെ മറ്റാരുടെയും പുറകിലല്ല. എല്ലാവരും ഒന്നാമതാണ്. എന്തുകൊണ്ട്? ഇത് എല്ലാ കാമ്പസ്സുകളിലെയും വിദ്യാർത്ഥികളുടെ ഒരു പ്രകടനമാണ്. ഇതൊരു കൂട്ടായ യത്നമാണ്, സംഘപ്രയത്നമാണ്- വ്യക്തിപരമായ പരിശ്രമമല്ല!



അതുകൊണ്ട്, ഓരോരുത്തർക്കും ഒരു പങ്കുണ്ട്-കട്ട് ഔട്ട് ഉണ്ടാക്കുന്ന കുട്ടികൾ തൊട്ട് ഫ്രെയിമുകൾ ഉണ്ടാക്കിയവർക്ക്, അലങ്കാരപ്പണികൾ ചെയ്തവർക്ക്-അവരെല്ലാം അതിന് അഭിനന്ദനമർഹിക്കുന്നു. “ഇന്നയാൾ ഇന്നയിന്ന പണി ചെയ്തു” എന്ന് ഞങ്ങൾ പറയാറേയില്ല, ഇല്ല. ഈ വീക്ഷണത്തിൽ, ഇതൊരു വലിയ വലിയ സംഭവമാണ്.

ഇക്കൊല്ലം നിങ്ങൾ പങ്കെടുത്തുവെങ്കിൽ, പ്രശാന്തിനിലയം കാമ്പസിലെ കുട്ടികൾ, ഒരു വലിയ കൈവെള്ളയിലിരുന്ന് തിരിയുന്ന ഒരു വലിയ ഗ്ലോബ് അവതരിപ്പിച്ചത് നിങ്ങൾ കണ്ടിട്ടുണ്ടാവും. അത് ആരുടെ കരങ്ങളാണ്? അത് ഭഗവാൻ ശ്രീ സത്യസായിബാബ

യുടെ കരങ്ങളാണ്. ഭഗവാൻ ശ്രീ സത്യസായിബാബയുടെ കരങ്ങൾ മുഴുവൻ ഭൂഗോള ത്തെയും വഹിക്കുകയാണ്, ഇതിനൊരു സന്ദേശം പകരുവാനുണ്ട്-സൃഷ്ടാവും അവി ടുത്തെ സൃഷ്ടിയും. ഭൂഗോളം സൃഷ്ടിയും കരം സൃഷ്ടാവുമാണ്. ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി അത്.

## മാർച്ച് 1, 2002

ഇനി ഞാൻ 2002 മാർച്ച് 1-ലേക്ക് നീങ്ങാം. ഭഗവാൻ പതിവുപോലെ വരാന്തയിലേക്ക് വന്ന് ദയാവായ്പോടെ എന്നോട് ഒരു ചോദ്യം ചോദിക്കാനായി ആവശ്യപ്പെടുകയുണ്ടായി.

## വെല്ലുവിളിയാണ്, ബുദ്ധിമുട്ടല്ല

ഞാൻ ചോദിച്ചു, "സ്വാമീ, ശ്രേഷ്ഠരായവർക്ക്, നല്ല ആളുകൾക്ക് ഒക്കെ കഷ്ടപ്പാടുകൾ അഭിമുഖീകരിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണ്? കാരണമെന്ത്? സ്വാമീ, അവർ ബുദ്ധി മുട്ടുന്നത് എന്തുകൊണ്ട്?"

ഭഗവാൻ അരുളിച്ചെയ്തു, "അത് കഷ്ടപ്പാടുകളായി നിനക്ക് തോന്നുകയാണ്. എന്നാൽ, അവരെ സംബന്ധിച്ച്, അവ ബുദ്ധിമുട്ടുകളല്ല. ശ്രേഷ്ഠജനങ്ങൾക്ക്, നല്ല ആളു കൾക്ക് കഷ്ടപ്പാടാണെന്ന് നിങ്ങൾക്കു തോന്നിയേക്കാം, പക്ഷേ, അവരെ സംബന്ധിച്ച്, അവയൊക്കെ വെല്ലുവിളികളാണ്. ഈശ്വരന്റെ പരീക്ഷകളായാണ് അവർ അവയെ കരുതു ന്നത്, അതിനാൽ അവർക്ക് അവയെ ഒക്കെ വിജയകരമായി അതീജീവിക്കാനാവുന്നു. നിങ്ങൾ ചെയ്യുന്നതു മാതിരി അവർ അവയെ കഷ്ടപ്പാടുകളായി എടുക്കുന്നില്ല. *കഷ്ടലുകാതു*. അവരതിനെ *കർതവ്യലു*, ചുമതലകളും കർത്തവ്യങ്ങളുമായി എടുക്കു ന്നു. അവരതിനെ കർത്തവ്യങ്ങളായി കാണുന്നു, *കഷ്ടമുലു* അഥവാ *കഷ്ടലു*, പ്രയാസ ങ്ങളായി, കരുതുന്നില്ല."



**പ്രൊഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)